(ഇ) അഡീഷണൽ ലേബർ കമ്മീഷണറുടെ ആഭിമുഖ്യത്തിൽ അനുരഞ്ജന ശ്രമങ്ങൾ നടന്നുവരുന്നു.

33 (2181) സംസ്ഥാന ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമാണ്;

(ബി) ഈ കോർപ്പറേഷന്റെ കീഴിൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള എത്ര വികസന പ്ലോട്ടുകൾ ഇപ്പോഴുണ്ട്;

(സി) ഈ പ്ലോട്ടുകളിൽ വ്യവസായം സ്ഥാപിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ട ആർക്കെങ്കിലും സ്ഥലം നൽകാതിരുന്നിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിനുതകുന്ന തരത്തിലുള്ള വ്യവസായ പദ്ധതികൾ കണ്ടെത്തി അതിനാവശ്യമായ സ്ഥലം എടുക്കുക, ആവശ്യമായ അടിസ്ഥാന ഘടക സൗകര്യങ്ങൾ നൽകുക, വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും നൽകുക എന്നിവയാണ് കിൻഫ്രയുടെ ധർമ്മം. എല്ലാ സൗകര്യങ്ങളോടുംകൂടിയ പന്ത്രണ്ടോളം വ്യവസായ പാർക്കുകൾ കിൻഫ്ര സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

(ബി) താഴെപ്പറയുന്ന കിൻഫ്രായുടെ പാർക്കുകളിൽ വികസന പ്ലോട്ടുകൾ ലഭ്യമാണ്.

1. കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് തുമ്പ, തിരുവനന്തപുരം.

2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്, എറണാകുളം.

3. കിൻഫ്ര ഫുഡ് പ്രോസസ്സിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.

4. കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക്സ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.

5. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ചെറുകിട വ്യവസായ പാർക്കുകൾ.

6. ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം.

കൂടാതെ എറണാകുളം ജില്ലയിൽ ഐരാപുരത്ത് റബ്ബർ ബോർഡുമായി ചേർന്ന് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഒരു റബ്ബർ പാർക്കും, ആലപ്പുഴ ജില്ലയിലെ അരൂരിൽ എം.പി.ഇ.ഡി.എ.യുമായി ചേർന്ന് മത്സ്യസംസ്കരണ വ്യവസായ കേന്ദ്രവും സ്ഥാപിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കിൻഫ്രായുടെ മലപ്പുറം ഫുഡ് പ്രോസസിംഗ് പാർക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് രജിസ്റ്റർ ചെയ്ത 13 അപേക്ഷകളിൽ ഒരെണ്ണം കിൻഫ്ര ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി നിരസിച്ചിട്ടുണ്ട്.

(ഡി) മലപ്പുറത്തെ ഫുഡ് പ്രോസസിംഗ് പാർക്കിൽ ഭക്ഷ്യസംസ്കരണവും അനുബന്ധ യൂണിറ്റുകളും മാത്രമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഭക്ഷ്യ സംസ്കരണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത വ്യവസായി സ്ഥലം ആവശ്യപ്പെട്ടത്. അതിനാലാണ് അപേക്ഷ നിരസിച്ചത്.

34 (2182) കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ പൊതുമേഖല,സഹകരണമേഖല, സ്വകാര്യമേഖല എന്നിവയിൽ ഓരോന്നിലും എത്ര വീതം സ്പിന്നിംഗ് മില്ലുകൾ ഉണ്ടെന്നും അവയുടെ പേരുവിവരങ്ങളും വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ ഓരോ സ്പിന്നിംഗ് മില്ലിന്റെയും സ്പിന്റിൽ കപ്പാസിറ്റി എത്ര വീതമാണെന്നും ഓരോന്നിലും സ്പിന്റിൽ ഒന്നിന് ശരാശരി പ്രതിദിന ഉല്പാദനം എത്ര കിലോ വീതമാണെന്നും അറിയിക്കുമോ;

(സി) കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ഏറ്റവും ആധുനികമായ മെഷിനറികൾ ഉപയോഗിക്കുന്നത് എവിടെയെല്ലാമാണ്;

(ഡി) കേരളത്തിലെ പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകളുടെ 1999-2000-ത്തിലെ നാളിതുവരെയുള്ള ലാഭ നഷ്ട കണക്കുകൾ ശേഖരിച്ചു നൽകുമോ:

(ഇ) ഈ സർക്കാരിന്റെ കാലത്ത് പൊതുമേഖല സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് സർക്കാർ നൽകിയിട്ടുള്ള ധനസഹായങ്ങൾ, ഷെയർ, ഗ്രാന്റ്, ലോൺ എന്നിങ്ങനെ തരം തിരിച്ച് വിശദീകരിക്കുമോ;

(എഫ്) കേരളത്തിലെ പൊതുമേഖലസഹകരണ സ്പിന്നിംഗ് മില്ലുകളുടെ സഞ്ചിത ലാഭനഷ്ടക്കണക്കുകൾ നൽകുമോ:

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാം;

(എച്ച്) കേരളത്തിൽ ഇപ്പോൾ പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാമാണ്. അവയിൽ ഈ സർക്കാർ വന്നശേഷം പൂട്ടിയവ ഏതെല്ലാം; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ ഏതെല്ലാം സ്പിന്നിംഗ് മില്ലുകളാണ് ഈ സർക്കാരിന്റെ കാലത്ത് തുറന്നിട്ടുള്ളത്;

(ഐ) കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ഓരോന്നിലും പെയ്ഡ് ആയും അൺ-പെയ്ഡ് ആയും തൊഴിലെടുക്കുന്നവരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ജെ) പൊതുമേഖലാ-സഹകരണ സ്പിന്നിംഗ് മില്ലുകളെ ലാഭകരമാക്കാൻ കേരള സർക്കാരിന്റെ അടിയന്തിര പദ്ധതികൾ എന്തൊക്കെയാണ്;

(കെ) ന്യായവിലയ്ക്ക് ഗുണനിലവാരമുള്ള പഞ്ഞി വാങ്ങാനും ഉല്പാദിപ്പിക്കുന്ന നൂലിന്റെ ഗുണനിലവാരമനുസരിച്ച് മാർക്കറ്റിൽ ന്യായവില

LIBRARY ARCHIVES Kerala Legislative Assembly